നം.കെ.എസ്.എ.പി.റ്റി.എ.പി4-824/2017 തീയ്യതി :04.08.2017

<u>പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 04.12.2016 മുതൽ 21.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.06.2017 മുതൽ 30.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സ്മിത റ്റി.ആർ , ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സൂസൻ അലക്സ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി ശ്രീലേഖ എൽ.എച്ച് | 01.04.2016 മുതൽ 28.07.2016 വരെ |
| | ശ്രീ.എൻ.കുമാരസ്വാമി | 29.07.2016 മുതൽ 29.11.2016 വരെ |
| | ശ്രീ.പി.ഗോപാലകൃഷ്ണപിള്ള | 30.11.2016 മുതൽ 31.03.2017 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ

ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

<u>സൂചിക</u>


| ക്രമനം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | മിനിട്ട്സ് ബുക്ക്- രേഖപ്പെടുത്തലിലെ അപാകതകൾ | 1-10 |
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | മാന്വൽ രസീതു വരവുകൾ സാംഖ്യയിൽ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല | 2-1 |
| 12 | തൊഴിൽ നികുതി പൂർണമായും ഈടാക്കുന്നതിൽ അനാസ്ഥ | 2-2 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 13 | പ്രവൃത്തി ചെയ്യില്ല - വ്യാജ മെഷർമെന്റ് രേഖപ്പെടുത്തി തുക ചെലവഴിക്കാൻ ശ്രമം | 3-1 |
| 14 | നന്മ സ്റ്റോറിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും വാടക നൽകിയിരിക്കുന്നു. | 3-2 |
| 15 | പൊതു ടാപ്പുകളുടെ വെള്ളക്കരം- ലക്ഷങ്ങളുടെ ദുർവ്യയം ഒഴിവാക്കേണ്ടതാണ്. | 3-3 |
| 16 | തെരുവുവിളക്കുകളുടെ മീറ്ററിംഗ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-4 |
| 17 | 'സമഗ്ര നെൽകൃഷി വികസനം' – വ്യക്തിഗത ആനുകൂല്യം പാടശേഖരസമിതിക്ക് നൽകി | 3-5 |
| 18 | 'പച്ചക്കറി കൃഷി - ഗ്രോ ബാഗ്' – വിതരണ രേഖകൾ ലഭ്യമല്ല | 3-6 |
| 19 | എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ | 3-7 |
| 20 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ- രേഖകൾ സൂക്ഷിക്കുന്നതിലും പ്രോജക്ട് നിർവ്വഹണത്തിലും ഗുരുതര വീഴ്ചകൾ | 3-8 |
| 21 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-9 |
| 22 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങലിന് പണം നൽകി; മരുന്ന് ലഭിച്ചില്ല | 3-10 |
| 23 | ശാരീരിക - മാനസിക വെല്ലുവിളികൾക്ക് അർഹമായ പരിഗണന നൽകുന്നില്ല | 3-11 |
| 24 | 'ഐ.എസ്.ഒ സർട്ടിഫിക്കേഷൻ'– വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയില്ല | 3-12 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 25 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 28 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016 -17 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയ്യതി | 24.02.2016 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 03.03.2016 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയ്യതി | 08.03.2017 |

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണസമിതിയുടെ അംഗീകാരം തേടേണ്ടതുണ്ട്. അപ്രകാരം 2015-16 സാമ്പത്തിക വർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്.

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്ന തുകകളും യഥാർത്ഥത്തിലുള്ള ഡിമാന്റ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി | 2700000 | 3899544 | 1199544 |
| തൊഴിൽ നികുതി | 1100000 | 1330580 | 230580 |
| വാടക | 66000 | 71400 | 5400 |
| പരസ്യം | 50000 | 22500 | -27500 |
| ഡി. ആന്റ്. ഒ ലൈസൻസ് | 100000 | 127400 | 27400 |
| വിനോദ നികുതി | 50000 | 0 | -50000 |
| പെർമിറ്റ് ഫീ | 100000 | 92418 | -7582 |
| സേവന നികുതി | 467200 | 274986 | -192214 |
| മറ്റുള്ളവ | 1383500 | 672616 | -710884 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1373068.56 | 6724650.76 | 5351582.2 |
| വരവ് | 72201700 | 45012493 | 27189207 |

| | | | |
|---|---|---|---|
| ആകെ | 73574768.56 | 51737143.76 | 21837624.8 |
| ചെലവ് | 72498700 | 40304328 | 32194372 |
| നീക്കിയിരിപ്പ് | 1076068.56 | 11432815.76 | 10356747.2 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 15.05.2017 | 09.06.2017 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2016-17വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനത ഉണ്ട്.

1. വസ്തു നികുതി സംബന്ധിച്ച് ഷെഡ്യൂൾ I-1 ൽ കാണിച്ചിരിക്കുന്ന ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ നൽകിയിരിക്കുന്ന ഡിമാന്റ് തുകയുമായി വ്യത്യാസമുണ്ട്.
2. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുനികുതി ഡിമാന്റ്, നീക്കിബാക്കി തുകകൾ കൃത്യമല്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി പോസ്റ്റിംഗ് കൃത്യമല്ല.
3. വസ്തു നികുതി, തൊഴിൽനികുതി, ലേലം, വാടക തുടങ്ങിയ വരവിനങ്ങളുടെ ഡി.സി.ബി. തയ്യറാക്കി രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലിക മാറ്റങ്ങൾ വരുത്തി പൂർത്തീകരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 6724650.76 |
| വരവ് | 45012493 |
| ആകെ | 51737143.76 |
| ചെലവ് | 40304328 |
| നീക്കിബാക്കി | 11432815.76 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | *വരവ്* | *ചെലവ്* | *ചെലവു ശതമാനം* |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9938502 | 8526624 | 85.79 |
| എസ്.സി.പി | 0 | 4329948 | 3603567 | 83.22 |
| റ്റി.എസ്.പി | 0 | 29136 | 0 | 0 |
| ലോകബാങ്ക് ധനസഹായം | 0 | 2918808 | 1533138 | 52.52 |
| സി.എഫ്. സി ഗ്രാന്റ് | 0 | 5573576 | 3507052 | 62.92 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6953997 | 4932123 | 70.92 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2691300 | 2343672 | 87.08 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 144 | 108 | 36 | 0 | 75 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 18 | 5586763 | 8 | 1687996 | 30.21 |
| സേവനം | 49 | 21734973 | 27 | 15144498 | 69.68 |
| പശ്ചാത്തലം | 77 | 15078947 | 73 | 9222380 | 61.16 |
| ആകെ | 144 | 42400683 | 108 | 26054874 | 61.45 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3274798 | 5740204 | 2465406 | 75.28 |
| നികുതിയേതര വരവുകൾ | 180939 | 204200 | 23261 | 12.86 |
| മറ്റ് വരവുകൾ | 669241 | 763484 | 94243 | 14.08 |
| ആകെ | 4124978 | 6707888 | 2582910 | 62.62 |

നികുതി, നികുതിയേതര വരുമാനത്തിൽ തൻവർഷം വർദ്ധനവുണ്ടായിട്ടുള്ളത് അഭിനന്ദനം അർഹിക്കുന്നു. വസ്തുനികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.06.2017ന് 11.15PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5450രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.06.2017 മുതൽ 21.06.2017 | 02/2017 & 03/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| | | വരെ | | |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 05.06.2008 | 1997-98 മുതൽ 2007-08 വരെ | 26.08.2008 |

## 1-10 മിനിട്ട്സ് ബുക്ക്- രേഖപ്പെടുത്തലിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രേഖയായ മിനിട്ടസ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.

1. 23/09/16 ലെ കമ്മറ്റിയുടെ മിനിട്സിൽ, തീരുമാനം 1(2) ൽ റോഡ് പുനരുദ്ധാരണത്തിനായി AE യോട് സാങ്കേതിക അനുമതിയ്ക്കായി അഭ്യർത്ഥിക്കുന്നതിന് റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ക്രമ നം. 104 ന ശേഷം രണ്ട് പേജ് ഒഴിച്ചിട്ടിരിക്കുകയും, തീരുമാനം 1(6) രേഖപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്.

2. 04.11.16 ലെ കമ്മറ്റിയിൽ ഹാജരായ അംഗങ്ങളുടെ പേര് രേഖപ്പെടുത്തിയ ശേഷം അജണ്ട 1-ൽ 2016-17 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിന്റെ കുറച്ചു ഭാഗം എഴുതിയതിന ശേഷം പേജ് 74 മുതൽ 155 വരെ ശൂന്യമാക്കിയിട്ടിരിക്കുകയും തുടർന്ന് അജണ്ട 2 എഴുതുകയുമാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്ന തീരുമാനം പോലും പൂർണമായി എഴുതി സെക്രട്ടറി ഒപ്പിട്ടുകയോ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തകയോ ചെയ്യാത്തത് ഭരണ സംവിധാനത്തിന്റെ കടുത്ത അനാസ്ഥയാണ് വ്യക്തമാക്കുന്നത്. തീരുമാന രജിസ്റ്റർ എഴുതി സൂക്ഷിച്ചില്ലാത്തതും, മിനിട്സ് ബുക്കുകൾ അതാത് സമയം എഴുതി പൂർത്തിയാക്കാത്തതും സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മാന്വൽ രസീതു വരവുകൾ സാംഖ്യയിൽ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല

മാന്വൽ രസീതുകൾ വഴി സ്വീകരിക്കുന്ന നികുതികൾ ഇന്റഗ്രേറ്റഡ് രസീതുകളായി സാംഖ്യയിൽ ചേർക്കേണ്ടതാണ്. എന്നാൽ ചുവടെ പറയുന്ന മാന്വൽ രസീതുകൾ സാംഖ്യയിൽ ക്യാഷ് രസീപ്റ്റായി ചേർത്തിരിക്കുന്നു.

| തീയതി | മാന്വൽ രസീത് നമ്പർ | സാംഖ്യ രസീതിന്റെ വിശദാംശങ്ങൾ | | |
|---|---|---|---|---|
| 31.12.16 | 1755/34 മുതൽ 1755/41 വരെ | 11601102960 | 11831 | സമീന, പ്രോപ്പർട്ടി ടാക്സ് |
| 17.03.17 | 1755/43,1755/44, 1755/46 | 11601103943 (രസീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല) | 1561 | ,, |
| 22.06.16 | 1756/15 മുതൽ 1756/27 | സാംഖ്യയിൽ ചേർത്തിട്ടില്ല. | 6490 | തുക ബാങ്കിൽ നിക്ഷേപിട്ടുണ്ട്. |

സാംഖ്യ സഞ്ചയ സോഫ്റ്റ് വെയറുകൾ തമ്മിലുള്ള കോ-ഓഡിനേഷൻ വഴി നികുതികളുടെ ഡിമാന്റ് , കളക്ഷൻ, കുടിശിക എന്നിവയുടെ കൃത്യത ഉറപ്പിക്കുന്നു. എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം ഒറ്റ രസീതിൽ തുക എടുക്കുമ്പോൾ ഇതിൽ കൃത്യത ഉറപ്പിക്കാനാവില്ല. എല്ലാ നികുതി വരവുകളും സാംഖ്യയിൽ വെവ്വേറെ എൻട്രികളായി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പൂർണമായും ഈടാക്കുന്നതിൽ അനാസ്ഥ

ഡി. ആന്റ്. ഒ. ലൈസൻസ് എടുത്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കുന്നുണ്ടെങ്കിലും

ജീവനക്കാർ/സ്ഥാപന ഉടമ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

(I) പ്രൈം മോട്ടേഴ്സ്

(II) ജ്യോതി മാനുഫാക്ച്ചറിംഗ് ഇന്റസ്ട്രി

(III) അമിറ്റി റോക്ക് പ്രോഡക്ട്സ്

(IV) പോബ്സ് ഗ്രാനൈറ്റ് പ്രോഡക്ട്സ്

(V)മണലാടിൽ ഫ്യൂവൽസ്

(VI)ഇ.വി.എം കാർ സെയിൽസ് (5/286B)

(VII)എൻഫീ ൽഡ് ടൂവീലർ വർക്ക്ഷോപ്പ്.

മേൽ സ്ഥാപനങ്ങളുടെ ഡി. ആന്റ് ഒ. ലൈസൻസ് അപേക്ഷ പ്രകാരം ടി സ്ഥാപനങ്ങൾക്ക് ന്യായമായ രീതിയിലുള്ള വരുമാന സ്രോതസ്സ് ഉണ്ടെന്നുള്ള വിവരം വ്യക്തമാണ്. ആയതിനാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥാപന നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി മുതലായവ ഈടാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രവൃത്തി ചെയ്തില്ല - വ്യാജ മെഷർമെന്റ് രേഖപ്പെടുത്തി തുക ചെലവഴിക്കാൻ ശ്രമം

പ്രോജക്ട് നം. : 37/17

എം.ബുക്ക് നം. : 154/16-17

കൺവീനർ : ശ്രീ.മാത്യു ചാക്കോ, മട്ടയ്ക്കൽ വീട്, കാരയ്ക്കൽ.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ 'കാർഷിക കർമ്മസേനയിലെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം' (പ്രോജക്ട് നം. 37/2017) എന്ന പ്രോജക്ടിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതെ ട്രഷറിയിൽ ബിൽ നൽകി. പ്രസ്തുത ബിൽ 31.03.17ൽ ക്യൂ - സിസ്റ്റത്തിൽ വന്നതിനാൽ തൻവർഷം ചെലവ് നടന്നില്ല.

450000 രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രസ്തുത പ്രോജക്ടിന്റെ എം.ബുക്ക് (നം.154/16-17) പരിശോധിച്ചതിൽ, എസ്റ്റിമേറ്റിലെ ഒന്നാം ഇനമായ മണ്ണിന്റെ കുഴിച്ചെടുക്കൽ എന്ന പ്രവൃത്തി മാത്രം അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. തുടർന്ന് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ ഇനങ്ങളുടേയും അളവ് എം.ബുക്കിൽ രേഖപ്പെടുത്തുകയും അസി.എക്സി.എഞ്ചിനീയർ പാസ്സാക്കി അസി.എഞ്ചിനീയർ 31.03.17 ന് ട്രഷറിയിൽ നൽകുകയും, ചെയ്തു.

ഓഡിറ്റ് വേളയിൽ ടി പ്രവൃത്തിയിന്മേൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ പ്രസ്തുത കെട്ടിടം എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം അഞ്ച് വരെയുള്ള ഫൗണ്ടേഷൻ എന്ന നിലയിൽ കോളം, പില്ലർ , മേൽക്കൂര വാർക്കൽ എന്നീ പ്രവൃത്തികൾ മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് കണ്ടു. പ്രവൃത്തിയുടെ പകുതി പോലും ചെയ്യാതെയാണ് മുഴുവൻ പ്രവർത്തി പൂർത്തീകരിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തി തുക മാറുന്നതിന് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിന് ശ്രമിച്ചിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ചെയ്യാത്ത പ്രവൃത്തി ചെയ്തു എന്ന് രേഖപ്പെടുത്തി സർക്കാർ ഖജനാവിൽ നിന്നും പണം പിൻവലക്കാൻ ശ്രമിച്ചതിലൂടെ വ്യാജരേഖ ചമയ്ക്കുക എന്ന ഗുരുതരമായ കുറ്റവും, സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ കടുത്ത കൃത്യവിലോപവുമാണ് നടത്തിയിട്ടുള്ളത്. കൂടാതെ പ്രവൃത്തി നടത്തുന്ന സ്ഥലത്ത് ഫില്ലിംഗിനായി എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ള ക്വാറി മക്കിന് പകരം കെട്ടിടം പൊളിച്ചതിന്റെ അവശിഷ്ടങ്ങളും കൂട്ടിയിട്ടിട്ടുള്ളതായി കണ്ടു. ഇതിൽ നിന്നും, എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ള സാധനങ്ങളല്ല പ്രവൃത്തി നടത്തുന്നതിന് ഉപയോഗിച്ചിരിക്കുന്നതെന്നും വ്യക്തമാകുന്നു. ഇത് ഇന്ത്യൻ ശിക്ഷാ നിയമം 415(Forgery to Public Docemdnt),420 (Public Cheating) എന്നിവ പ്രകാരം ക്രിമിനൽ കുറ്റമാണ്. 31.03.17 – ന് സമർപ്പിച്ച പ്രസ്തുത ബിൽ ക്യൂ സിസ്റ്റത്തിൽ വന്നതുമൂലം മാത്രമാണ് ബില്ല് മാറാൻ കഴിയാതിരുന്നത്. ഇത് അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. 31.3.2017-ന് രാത്രി 12 മണിക്ക് സൈറ്റ് പരിശോധിച്ചപ്പോൾ പ്രവർത്തിക്കാവശ്യമായ ടൈലുകളും മറ്റും സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ടായിരുന്നുവെന്നും ആയതിന്റെയടിസ്ഥാനത്തിലാണ് തുക മാറുന്നതിന് ബില്ല് സമർപ്പിച്ചതെന്നുമുള്ള, ലാഘവത്തോടെയുള്ള മറുപടിയാണ് അസി.എഞ്ചിനീയർ ലഭ്യമാക്കിയത്.

ഇതിൽ നിന്നും മാർച്ച് മാസങ്ങളിൽ തിരക്കിട്ട് നടത്തുന്ന പ്രവൃത്തികളിൽ പണിപൂർത്തീകരിക്കാതെ തന്നെ തുക

മാറുന്നതിനുള്ള സാധ്യത ഉണ്ടായിരുന്നു എന്ന് വ്യക്തമാണ്. എന്നാൽ നിലവിൽ കറണ്ട് ഓഡിറ്റായതുമൂലം മാത്രമാണ് ഇപ്രകാരമുള്ള ക്രമക്കേടുകൾ നിരീക്ഷിക്കപ്പെടാൻ ഓഡിറ്റിന് കഴിയുന്നത് എന്നതും എടുത്ത് പറയേണ്ടതാണ്.

ആയതിനാൽ ടിയാൾ ഓഡിറ്റ് വർഷം നടത്തിയിട്ടുള്ള മുഴുവൻ പ്രവൃത്തികളിന്മേലും സർക്കാർ തല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു (ഭൗതിക പരിശോധനയുടെ മഹസ്സർ, ഫോട്ടോ എന്നിവ ഹാജരാക്കുന്നു).

## 3-2 നന്മ സ്റ്റോറിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും വാടക നൽകിയിരിക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട കാരയ്ക്കലിലുള്ള പബ്ലിക് ലൈബ്രറിയിൽ 2012 മുതൽ പ്രവർത്തിച്ച് വരുന്ന കൺസ്യൂമർ ഫെഡിന്റെ നന്മ സ്റ്റോറിന് 2016 ജനവരി മുതൽ പഞ്ചായത്തിൽ നിന്ന് 500 രൂപ വീതം വാടക നല്കുന്നതിന് 30.01.16 ലെ കമ്മറ്റിയിൽ 6(13) -ാം നമ്പരായി തീരുമാനിക്കുകയും വൗച്ചർ നം. 21600131/13.06.16 പ്രകാരം ആറു മാസത്തെ വാടകയായി 3000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയതായി അനുവദിക്കുന്ന മാവേലി സ്റ്റോർ/നന്മ സ്റ്റോറിന് പ്രോൽസാഹനമെന്ന നിലയിൽ രണ്ട് വർഷത്തേക്ക് പഞ്ചായത്തിൽ നിന്ന് വാടക നൽകാമെന്ന് 04.02.2013-ലെ ജി.ഒ(ആർ.റ്റി.) 301/2013ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ രണ്ടു വർഷത്തിന് ശേഷവും വാടക നൽകാനുള്ള കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.15/29.06.2017)) യാതൊരു മറുപടിയും ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. ആയതിനാൽ വാടകയിനത്തിൽ നൽകിയ 3000 രൂപ താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 പൊതു ടാപ്പുകളുടെ വെള്ളക്കരം- ലക്ഷങ്ങളുടെ ദുർവ്യയം ഒഴിവാക്കേണ്ടതാണ്.

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 159250 രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 364 ടാപ്പുകളുടെ തുകയാണിത്. ഈയിനത്തിൽ പ്രതിവർഷം 19,11,000 രൂപ ചെലവാകുന്നുണ്ട്. പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ രേഖകളില്ല. വാട്ടർ ടാപ്പുകൾ മിക്കതും പ്രവർത്തനക്ഷമമല്ലെന്ന് പഞ്ചായത്തധികൃതർ തന്നെ വ്യക്തമാക്കുകയുണ്ടായി. അടിയന്തിരമായി സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച സബ്സിഡി മാർഗരേഖ പ്രകാരം (16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ ത.സ്വ.ഭ.വ.) പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി, ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി (പൊതുവിഭാഗത്തിന് 4000 രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000 രൂപയും) നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ മാത്രമേ പഞ്ചായത്തിന്റെ വരുമാനനഷ്ടം കുറയ്ക്കാൻ സാധിക്കൂ. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. തനത് വരുമാനത്തിന്റെ ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 3-4 തെരുവുവിളക്കുകളുടെ മീറ്ററിംഗ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

തെരുവുവിളക്കുകളുടെ മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ഓഡിറ്റ് വർഷം 158400 രൂപ അടവാക്കിയെങ്കിലും(പ്രോജ.നം.137/17,ബിൽ നം.136/17 dtd.31.3.17) പദ്ധതി ഓഡിറ്റ് സമയത്തും പൂർത്തീകരിക്കുകയോ മീറ്റർ സ്ഥാപിച്ചതു വഴിയുള്ള വൈദ്യുതി ചാർജ്ജ് അടവാക്കുന്ന സംവിധാനം നിലവിൽ വരുകയോ ചെയ്തിട്ടില്ല(ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല). മീറ്ററിംഗ് പൂർത്തീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് അടിയന്തിരമായി ഭരണസമിതി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ സംബന്ധമായ രേഖകളില്ല. പുതിയ തെരുവ് വിളക്കുകൾ വാങ്ങുന്നതിനും നിലവിലുള്ളവയുടെ റിപ്പയറിംഗിനുമായി പ്രതിവർഷം വൻതുക ചെലവഴിക്കുന്നുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിക്കുന്ന യാതൊരുവിധ കണക്കും ഗ്രാമപ്പഞ്ചായത്തിൽ സൂക്ഷിക്കാത്ത സാഹചര്യത്തിൽ ടി ഇനത്തിൽ ചെലവഴിക്കുന്ന തുകയുടെ ആധികാരികത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് സംബന്ധമായി ഒരു രജിസ്റ്റർ ഗ്രാമപ്പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും റിപ്പയറിംഗ് ആവശ്യമായവയുടെ വിവരങ്ങൾ ടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് തുക ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

യഥാർത്ഥത്തിൽ പ്രവർത്തിയ്ക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തി പ്രതിമാസ വൈദ്യുത ചാർജ് (84204 രൂപ ) പുനർനിർണ്ണയിക്കേണ്ടതാണ്. കൂടാതെ മീറ്റർ സ്ഥാപിക്കുന്നത് വഴി വൈദ്യുതി ചാർജ് ശാസ്ത്രീയമായി പുനർനിർണ്ണയിച്ച് ഈയിനത്തിലെ ലക്ഷങ്ങളുടെ ദുർവ്യയം ഒഴിവാക്കേണ്ടതാണ്. തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ സാധിക്കുമെന്നും

ഓഡിറ്റ് വിലയിരുത്തുന്നു.

## 3-5 'സമഗ്ര നെൽകൃഷി വികസനം' - വ്യക്തിഗത ആനുകൂല്യം പാടശേഖരസമിതിക്ക് നൽകി

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ | : | 400000 (വികസനഫണ്ട് - ജനറൽ) |
| ചെലവഴിച്ച തുക | : | 398054 |
| ബിൽ നം | : | KBP – 01/2016-17 |

2016-17 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 'സമഗ്ര നെൽകൃഷി വികസനം' (S0051/17) എന്ന പ്രോജക്ട് പ്രകാരം നെൽവിത്തും ഉല്പാദന ഉപാധികളും പെരിങ്ങര സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നും പെർമിറ്റ് അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പാടശേഖര സമിതികൾക്ക് നൽകിയിട്ടുണ്ട്.

| പാടശേഖര സമിതിയുടെ പേര് | നൽകിയ ഇനങ്ങൾ/ അളവ് | | | |
|---|---|---|---|---|
| | നെൽവിത്ത് (കി.ഗ്രാം.) | വേപ്പിൻ പിണ്ണാക്ക് (കി.ഗ്രാം.) | സ്യൂഡൊമൊണാസ് (ലിറ്റർ) | കളനാശിനി (ലിറ്റർ) |
| കുരച്ചാൽ മാണിക്കത്തടി | 2840 | 1100 | 110 | 6.24 |
| വളവനാരി | 2480 | 1240 | 124 | 7.5 |
| കോടങ്കേരി | 480 | 0 | 0 | 0 |

മേൽപ്പറഞ്ഞ പാടശേഖരസമിതികൾക്കുവേണ്ടി അവയുടെ സെക്രട്ടറിമാരാണ് പ്രസ്തുത നടീൽ വസ്തുക്കൾ കൈപ്പറ്റിയിരിക്കുന്നത്. കൈപ്പറ്റിയ ഇനങ്ങൾ ഏതെല്ലാം കർഷകർക്ക് എത്രയളവിൽ വിതരണം ചെയ്തു എന്നതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് 27.06.2017ൽ 8-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയില്ല. ഇക്കാരണത്താൽ, സുതാര്യതയില്ലാതെ ചെലവഴിച്ച 3,98,054 രൂപ തടസ്സപ്പെടുത്തുന്നു. വിതരണ വിവരങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക നിരാകരിച്ച് നിയമ നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 3-6 'പച്ചക്കറി കൃഷി - ഗ്രോ ബാഗ്' - വിതരണ രേഖകൾ ലഭ്യമല്ല

2016-17 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പച്ചക്കറി കൃഷി - ഗ്രോ ബാഗ്' (പ്രോജക്ട് നം.S0120/17)എന്ന പ്രോജക്ട് പ്രകാരം കർഷകർക്ക് ഗ്രോബാഗ് വിതരണം ചെയ്യുന്നതിനായി വികസനഫണ്ടിൽനിന്ന് 51714രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.03/16-17-31.03.2017). എന്നാൽ ഗ്രോബാഗുകൾ വാങ്ങിയതിന്റെയും ഇവ ആർക്കെല്ലാം വിതരണം ചെയ്തു എന്നതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 27.06.2017ൽ 9-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 51714രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവ് തുക നിരാകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിയമ/ചട്ടങ്ങൾക്ക് വിധേയമായി നിജപ്പെടുത്തുന്നതാണ്.

## 3-7 എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും, രേഖകൾ സൂക്ഷിക്കുന്നതിലും, ഓഡിറ്റിന് ലഭ്യമാക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ ഗുരുതര വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഗുണഭോക്തൃസമിതികളെ പണി ഏല്പിക്കുന്നതിനായി പ്രവൃത്തികൾ വിഭജിക്കുന്നു

അഞ്ച് ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കണമെന്ന സർക്കാർ ഉത്തരവ് മറികടക്കുന്നതിനായി പ്രവൃത്തികളുടെ അടങ്കൽ പരിമിതപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടായിട്ടുണ്ട്. ഓരോ വാർഡിലും കുറഞ്ഞത് ഒൻപത് റോഡ് പ്രവൃത്തികളാണ് ഓരോ വർഷവും ഏറ്റെടുക്കുന്നത്. ഇവയുടെ അടങ്കൽ അൻപതിനായിരം മുതൽ രണ്ടരലക്ഷം രൂപ വരെയാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നു. പദ്ധതി തയ്യാറാക്കുമ്പോൾ, പദ്ധതി പണത്തിന്റെ മൂല്യം തദ്ദേശഭരണ സ്ഥാപനങ്ങൾ പരമാവധി സൂക്ഷ്മ ബോധത്തോടെ ഉൾക്കൊള്ളേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഗ്രാന്റായിട്ടാണ് നല്കുന്നതെങ്കിലും ആ തുകയുടെ 80 ശതമാനത്തോളം സംസ്ഥാന ഗവൺമെന്റ് വായ്പ വാങ്ങുന്നതാണ്. അതിന് ഏകദേശം 11 ശതമാനമാണ് വാർഷിക പലിശ. വിഭവങ്ങളുടെ മൂല്യത്തെയും ദൗർലഭ്യത്തെയും കുറിച്ചുള്ള ധാരണയോടെയാകണം പണം ചെലവ് ചെയ്യുന്നതിന് തീരുമാനം എടുക്കേണ്ടത്. നിർഭാഗ്യവശാൽ ഈ ഒരു ബോദ്ധ്യത്തോടെയല്ല ഗ്രാമപഞ്ചായത്ത് അധികൃതർക്ക് പ്രവർത്തിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് 85 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തത് ഇതിന് തെളിവാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പ്രവണത ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് യോജിക്കുന്നതല്ല.

(2) ഗുണഭോക്തൃസമിതി മുഖാന്തിരമുള്ള പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട്

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 1.18 കോടി രൂപ അടങ്കലുണ്ടായിരുന്ന 85 മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചുള്ളവയായിരുന്നു. ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ എല്ലാം തന്നെ നടപ്പിലാക്കിയിട്ടുള്ളതെന്നാണ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ ഇടപാട് പാടില്ലാത്തതും ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃസമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിലെ 15വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുള്ളത്. മാത്രവുമല്ല ഗുണഭോക്തൃസമിതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്രിമമായി ചമച്ചിട്ടുള്ളതാണെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണ്. ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിക്കുകയോ കൺവീനർ കണക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൺവീനർമാർ ആരും തന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്.

മേൽ വസ്തുതകൾ എല്ലാംതന്നെ കൺവീനർമാരെ മുൻനിർത്തി കരാറുകാരാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളതെന്നാണ് വ്യക്തമാക്കുന്നതും പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതും. (ഉദാ: പ്രോജ.നം. 37/17) കൺവീനർ പ്രവൃത്തികളുടെ മറവിൽ കരാറുകാർ പ്രവൃത്തി നടത്തുകവഴി ഗണ്യമായ നഷ്ടമാണ് പൊതു ഖജനാവിന് ഉണ്ടാകുന്നത്. ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഏറിയ പങ്കും വൻ ലാഭം കിട്ടുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ഇതേ കാലയളവിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടത്തിയിട്ടുള്ള സമീപ ഗ്രാമപഞ്ചായത്തുകളിൽ റോഡ് കോൺക്രീറ്റിംഗ്

പ്രവൃത്തികൾക്ക് 25 ശതമാനം വരെ കുറഞ്ഞനിരക്കിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും വൻ തുകേ ഗ്രാമപഞ്ചായത്തിന് നിശ്ചയമായും ലാഭിക്കാമായിരുന്നു. കൂടാതെ, EMD, സെക്യൂരിറ്റി ഇനത്തിൽ ലഭിക്കുമായിരുന്ന തുകകളും ഗ്രാമപഞ്ചയത്തിന് വലിയൊരു മുതൽ കൂട്ടാകുമായിരുന്നു. കൺവീനർ പ്രവൃത്തിയുടെ മറവിൽ ബിനാമി കരാറുകാർ പ്രവൃത്തി നടത്തുമ്പോൾ പിഴ ഒടുക്കാതെ പ്രവൃത്തി വർഷങ്ങളോളം നീട്ടികൊണ്ടു പോകുന്നതിനും, പ്രവൃത്തി നിർവ്വഹണത്തിലുണ്ടാകുന്ന വീഴ്ചകളുടെ ബാദ്ധ്യതിയൽനിന്നും ഒഴിവാകുന്നതിനും സാധിക്കും.

ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയലുകളിൽ കണ്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. ഫയലുകളിൽ രേഖകൾ അലക്ഷ്യമായും ക്രമരഹിതവുമായുമാണ് സൂക്ഷിച്ചിരുന്നത്.
2. ഗുണഭോക്തൃസമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്ന വ്യവസ്ഥ ഒരു പ്രവൃത്തിയുടെ കാര്യത്തിലും പാലിച്ചിട്ടില്ല.
3. ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർക്കേണ്ട ചുമതല കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറിനാണ്. എന്നാൽ ഒരു ഗുണഭോക്തൃസമിതി യോഗത്തിലും അസി.എഞ്ചിനീയറോ, ഓവർസീയറോ പങ്കെടുത്തിട്ടില്ല.
4. ഗുണഭോക്തൃ സമിതി ഭാരവാഹികളെ തെരഞ്ഞെടുത്തിട്ടുള്ളത് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ വച്ച് അംഗീകാരം വാങ്ങാതെയാണ് പ്രവൃത്തി നടത്തുന്നതിന് എഗ്രിമെന്റിൽ( വ്യവസ്ഥകൾ എഴുതിച്ചേർക്കാത്ത ശൂന്യമായ മുദ്രപത്രത്തിൽ ക്രമ.നം.6 കാണുക)ഏർപ്പെട്ടിട്ടുള്ളത്.
5. ഗുണഭോക്തൃ സമതി യോഗം വിളിച്ച് ചേർത്തതിന്റെ നോട്ടീസ്, യോഗ മിനിട്ട്സ് എന്നിവ മിക്ക പ്രവൃത്തി ഫയലുകളിലും ഉൾപ്പെടുത്തിയിരുന്നില്ല.
6. കൺവീനറും, ഗുണഭോക്തൃസമിതി അംഗങ്ങളുമായുള്ള കരാറുകൾ കൃത്യമായ വിവരങ്ങൾ ചേർത്ത് കക്ഷികളും, സാക്ഷികളും ഒപ്പിട്ട് ആധികാരികമാക്കിയിരുന്നില്ല. ആയതിനാൽ കരാറുകൾ ഒന്നുംതന്നെ സാധുവായിരുന്നില്ല.
7. കൺവീനർ, ചെയർമാൻ എന്നിവരുടെ തിരിച്ചറിയൽ രേഖകൾ, പാൻ കാർഡിന്റെ പകർപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിരുന്നില്ല.
8. കൺവീനറുടെ ചെയർമാന്റെയും ജോയിന്റ് അക്കൗണ്ടിലൂടെയല്ല പണമിടപാടുകൾ നടത്തിയിരിക്കുന്നത്.
9. പ്രവൃത്തികളുടെ വരവ് ചെലവ് കണക്കുകൾ ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് അംഗീകരിച്ച് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടില്ല. മിക്കവാറും എല്ലാ പ്രവൃത്തികളുടെ കാര്യത്തിലും വരവ് ചെലവ് കണക്കുകൾ ഹാജരാക്കാതെയാണ് ബിൽ തുക നൽകിയിട്ടുള്ളത്.
10. കൺവീനർമാർ ബിൽ തുക കൈപ്പറ്റിയതിന്റെ രസീതി ഒരു ഫയലിലും ലഭ്യമാക്കിയിട്ടില്ല.
11. എല്ലാ ഫയലുകളിലും എഞ്ചിനീയറുടെ റിക്വിസിഷൻ, പ്രസിഡിന്റിന്റെ ഓതറൈസേഷൻ, അലോട്ട്മെന്റ്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രൊസീഡിംഗ്സ് എന്നീ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇപ്രകാരമുള്ള പ്രവൃത്തികൾക്ക് ഉത്തരവാദികൾ പ്രധാനമായും പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ തന്നെയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നതിനാൽ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ട ചുമതലയും ഭരണ സമിതിയിൽതന്നെ നിക്ഷിപ്തമാണ്. പഞ്ചായത്തിന്റെ കാര്യനിർവ്വഹണ അധികാരി എന്ന നിലയിൽ പഞ്ചായത്ത് പ്രസിഡന്റ് ഈ വിഷയത്തിൽ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

(3) പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

1. നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സുഗമ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അല്ല തയ്യാറാക്കുന്നതെങ്കിൽ പ്രാദേശിക ഭാഷയിൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.
2. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തി നടത്തുന്ന കോൺട്രാക്ടറുടെ പേര്, ഫോൺ നമ്പർ, എഞ്ചനീയറുടെ പേരും ഫോൺ നമ്പറും അടങ്കൽ തുക പ്രവൃത്തി ഇനങ്ങൾ എന്നിവ പ്രോജക്ട് സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും, പ്രദർശന ബോർഡിന് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും ഉള്ള നിർദ്ദേശം പാലിച്ചിട്ടില്ല.
3. ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും, റോഡ് കണക്റ്റിവിറ്റ് പ്ലാനും നിർബന്ധമായും തയ്യാറാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.
4. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന

പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്ന നിബന്ധന പാലിക്കുന്നില്ല.

5. ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള പദ്ധതി പ്രദേശത്തെ നിവാസികൾതന്നെയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും, സാക്ഷ്യപ്പെടുത്തിയ രേഖ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് ഫയലിൽ ലഭ്യമാക്കണമെന്നുമുള്ള നിബന്ധന പാലിച്ചിട്ടില്ല.

(4) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അപാകത

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ ചെറിയ കഷ്ണങ്ങളാക്കി മുറിച്ച് പ്രോജക്ട് തയ്യാറാക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കഴിയുന്നില്ല.
2. റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ റോഡിന്റെ പേരല്ലാതെ ഏതുഭാഗം മുതൽ ഏതു ഭാഗം വരെയെന്ന വിവരം ചെയിനേജ് സഹിതം പ്രോജക്ടിലും, എസ്റ്റിമേറ്റിലും ചേർക്കുന്നില്ല.
3. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ, പ്രത്യേകിച്ച് നിരീക്ഷണ ഡാറ്റ (Observed data) തയ്യാറാക്കി നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ, അംഗീകരിച്ച ഡാറ്റ ഷീറ്റ് എസ്റ്റിമേറ്റിനോടൊപ്പം ഹാജരാക്കുന്നില്ല.
4. എസ്റ്റിമേറ്റിനോടൊപ്പം കൃത്യമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നില്ല. ധാരാളം ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ലെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
5. കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്ലംബിംഗ്, വയറിംഗ് എന്നിവയ്ക്ക് പ്രോജക്ടിൽ തുക വകയിരുത്തുന്നില്ല.

(5) രേഖകൾ സൂക്ഷിക്കുന്നതിൽ ഗുരുതരവീഴ്ച

പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.എഗ്രിമെന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് രജിസ്റ്റർ, എം.ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. നിരവധി എം.ബുക്കുകൾക്ക് നമ്പർ നൽകിയിട്ടില്ലെന്ന് പരിശോധനയിൽ കണ്ടു. വർക്ക് ബിൽ കോപ്പികളിൽ നിർദ്ദിഷ്ടഭാഗത്ത് എഗ്രിമെന്റ് നമ്പർ, കരാർ തുക, പ്രവൃത്തി ആരംഭിച്ച തീയതി, പൂർത്തീകരിച്ച തീയതി, എം.ബുക്ക് നമ്പർ എന്നിവ കാണിക്കുന്നില്ല. എം.ബുക്ക് നമ്പർ കാണിക്കാതെയാണ് പല പ്രവൃത്തികളുടെയും ബിൽ കോപ്പിയിൽ അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. എല്ലാ വർക്ക് ബിൽ കോപ്പികളിലും പേയ് മെന്റ് വിവരം (Memorandum of Payment) രേഖപ്പെടുത്തുന്നില്ല. അതുപോലെതന്നെ കൺവീനറുടെ കൈപ്പറ്റ് വിവരവും ഇല്ല. ഫയലുകളിൽ വാറ്റ്, ആദായ നികുതി എന്നിവ ഒടുക്കിയതിന് തെളിവായി ട്രഷറി ചെലാൻ ലഭ്യമാക്കുന്നില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇനത്തിൽ വർക്ക് ബില്ലുകളിൽനിന്നും ഈടാക്കിയ തുക, ആയതിന്റെ ഒടുക്ക് എന്നിവ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല. എം.ബുക്കുകളിൽ അളവുകൾ സമ്മതിച്ചുകൊണ്ട് കൺവീനർമാർ ഒപ്പിടുന്നില്ല. ഫയലുകളിൽ ഒന്നുംതന്നെ വർക്ക് ഓർഡർ, സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖ എന്നിവ സൂക്ഷിക്കുന്നില്ല.

(6) റോഡിതര മെയിന്റനൻസ് ഗ്രാന്റും വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നു.

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 10.50ലക്ഷം അടങ്കലുള്ള 6 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 10.36 ലക്ഷം രൂപ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയത് | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 11 | 2075095 | 5 | 1038897 | 1036198 | 50.06 |

ഗ്രമപഞ്ചായത്തിലെ 11 വാർഡിലേക്കും തുല്യമായി ഫണ്ട് വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതിനാലാണ് പദ്ധതികളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമായിട്ടുള്ളത്. ആവശ്യാധിഷ്ഠിതമായി പദ്ധതി ആവിഷ്കരിക്കാതെ വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടിൽ ഊന്നി പ്രോജക്ടുകൾ ആവിഷ്കരിച്ചവർ അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധാന്തി കാട്ടിയില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ

പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപീക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറിക്കിയിരുന്നില്ല. പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(7) പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നില്ല

പ്രോജക്ടുകളുടെ മോണിറ്ററിംഗ് ചുമതല ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിനാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. എന്നാൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. പ്രവൃത്തികളുടെ കംപ്ലീഷൻ റിപ്പോർട്ടുകളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

## 3-8 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ- രേഖകൾ സൂക്ഷിക്കുന്നതിലും പ്രോജക്ട് നിർവ്വഹണത്തിലും ഗുരുതര വീഴ്ചകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-17 വർഷം നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ രേഖകൾ സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടു. ക്യാഷ് ബുക്ക്, ജി.ഒ(പി) 177/06 തീ.12.4.06 -ൽ നിർദ്ദേശിച്ച പ്രകാരമുള്ള സബ്സിഡിയറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. വ്യക്തിഗത ഗുണഭോക്താക്കളുടെ അക്വിറ്റൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓരോ പ്രോജക്ടിന്റെയും വൗച്ചറും അനുബന്ധരേഖകളും ക്രമമായി സൂക്ഷിക്കാത്തത് പരിശോധന ദുഷ്ക്കരമാക്കി. ട്രഷറി ബില്ലുകളോടൊപ്പം അനുബന്ധ സ്റ്റേറ്റ്മെന്റുകളില്ല. സബ്സിഡി ആനുകൂല്യം നൽകിയ പല ഫയലുകളിലും ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതുകളില്ല. രേഖകൾ ഹാജരാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല.

1. പ്രോജ.നം. 166/17 , 113/17, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

   മേൽ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ യഥാക്രമം 63000, 250000 രൂപ അടവാക്കിയിട്ടുണ്ട്(ബിൽ നം. AL.165/SC Dtd. 31.3.17, 14/113/17 dtd.28.2.17 ). തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക 313000 തടസ്സപ്പെടുത്തുന്നു (ബിൽ നം. AL.165 dtd.31.3.17).

2. പ്രോജക്ട് നം. 144/17, ഐ.എ.വൈ. ഭവനനിർമ്മാണം

   ആറു പേർക്ക് 45000 രൂപ വീതം 270000 രൂപ ആവശ്യപ്പെട്ടതിൽ വാലിഡേഷൻ തുല്യമാക്കി 269948 രൂപ പുളിക്കീഴ് ബ്ലോക്ക് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൈപ്പറ്റ് (സാംഖ്യ രസീത് ഒറിജിനൽ), വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കയിട്ടില്ല 269948 രൂപ തടസ്സപ്പെടുത്തുന്നു (ബിൽ നം. 15/s0144/17 dtd.28.2.17).

3. പ്രോജക്ട് നം. 11/17 , എസ്.സി.കുട്ടികൾക്ക് സൈക്കിൾ വിതരണം.

   ഗുണഭോക്താക്കളുടെ അപേക്ഷ, വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്നതിന് സ്കൂളിൽ നിന്നും ലഭ്യമാക്കിയ എച്ച്.എം-ന്റെ സാക്ഷ്യപത്രം, അക്വിറ്റൻസ് രജിസ്റ്റർ , വൗച്ചർ, അനുബന്ധരേഖകൾ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കയിട്ടില്ല . രേഖകളുടെ അഭാവത്തിൽ 112650 രൂപ തടസ്സപ്പെടുത്തുന്നു.((ബിൽ നം.22/17 dtd.20.3.17)

4. പ്രോജക്ട് നം. 12/17, വിദ്യാർത്ഥികൾക്ക് പഠനോപകരണം

5\. 1. 1. 1. 1. എ)മേൽ പദ്ധതി പ്രകാരം നൂറു വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി പഠനോപകരണങ്ങൾ വാങ്ങിയതിന് 399605 രൂപ (ബിൽ നം. AL.124/17 DTD.28.3.17) കാഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും ഹാജരാക്കിയിട്ടുള്ള ഇൻവോയ്സിൽ മേൽ പരാമർശിച്ച പ്രകാരമുള്ള ഓരേയൊരു ഐറ്റത്തിന്റെ മാത്രം നിരക്കാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ വ്യത്യസ്ത ക്ലാസിലും പ്രായത്തിലും ഉള്ളവരാണെന്ന് കാണുന്നു. ഇത് മൂലം എല്ലാ വിദ്യാർത്ഥികൾക്കും പദ്ധതിയുടെ പ്രയോജനം തനത് വർഷം ആവശ്യമായ രീതിയിൽ ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

   ബി) ഗുണഭോക്താക്കളുടെ അപേക്ഷ, വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്നതിന് സ്കൂളിൽ നിന്നും ലഭ്യമാക്കിയ എച്ച്.എം-ന്റെ സാക്ഷ്യപത്രം, അക്വിറ്റൻസ് രജിസ്റ്റർ, വൗച്ചർ, അനുബന്ധരേഖകൾ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല.

സി) ക്രമ.നം.8, ജ്യോതിക.പി.,പാലപ്പറമ്പിൽ, മേപ്രാൽ എന്ന കുട്ടി ഹാജരാക്കിയ വിതരണ ലിസ്റ്റ് പ്രകാരം ഉപകരണങ്ങൾ കൈപ്പറ്റിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 399605രൂപ തടസ്സപ്പെടുത്തുന്നു.(ബിൽ നം.AL.124/17 dtd.28.3.17)

## 3-9 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല

(ബിൽ നം. 15/so144/17 dtd.28.2.17).

| പദ്ധതിയുടെ പേര് | താഴ്ചക്കടവ് എസ്.സി. കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, വാർഡ്-1 (113/17 ) | 7,11 വാർഡു കളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (166/17) | വിവിധ വാർഡു കളിൽ പൈപ്പ് ലൈൻ നീട്ടൽ (141/17) |
|---|---|---|---|
| അടങ്കൽ തുക | 250000 (എസ്.സി.പി) | 100000 (എസ്.സി.പി) | 100000(ജനറൽ) |
| ചെലവ് തുക | 250000, Bill No.14/so0113/17 dtd.28.02.17 | 63000, Bill No.AL.165/17dtd.31.3.17 | 100000, bill no.10/16-17 dtd.22.3.17 (ഫയൽ ഹാജരാക്കിയില്ല) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | അസി.എഞ്ചിനീയർ |

പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിയ്ക്കായി വകയിരുത്തിയ തുക കേരള വാട്ടർ അതോറിറ്റി തിരുവല്ല ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികൾക്ക് തുക നിക്ഷേപിക്കുവാൻ ആധാരമായ എസ്റ്റിമേറ്റ്, തുക പദ്ധതിയ്ക്കായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വ്യക്തമായ എസ്റ്റിമേറ്റിന്റെ അഭാവത്തിൽ തുക നിക്ഷേപിച്ചതും നിക്ഷേപിച്ച തുക പദ്ധതിയ്ക്കായി വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കാത്തതും, തുക നൽകുന്നതിന് മുൻപ് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടാതിരുന്നതും ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കരാറിന്റെ അഭാവത്തിൽ പദ്ധതിയുടെ പൂർത്തീകരണസമയം സംബന്ധിച്ച് അനിശ്ചിതത്വം ഉള്ളതിനാൽ, പദ്ധതി പൂർത്തീകരിക്കാൻ വൈകുന്ന സാഹചര്യത്തിൽ നിയമനടപടികൾ സ്വീകരിക്കാൻ കഴിയില്ല. പദ്ധതികൾ അടിയന്തിരമായി ആരംഭിക്കാൻ പഞ്ചായത്ത് നാളിതുവരെ നടപടികളൊന്നും സ്വീകരിക്കാത്തതിൽ നിന്നും നിക്ഷേപ പ്രവൃത്തികൾ കേവലം പദ്ധതിച്ചെലവ് വർദ്ധിപ്പിക്കാനുള്ള മാർഗ്ഗമായി കാണുന്ന പഞ്ചായത്തിന്റെ സമീപനമാണ് വ്യക്തമാക്കുന്നത്. നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃതം കരാറിലേർപ്പെടാതെ നിക്ഷേപിച്ച തുകയായ 413000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങലിന് പണം നൽകി; മരുന്ന് ലഭിച്ചില്ല

| പ്രോജക്റ്റ് നമ്പർ | 4/17 |
|---|---|
| അടങ്കൽ | 50000 |
| ചെലവ് | 50000 |
| ബിൽ നമ്പർ/ തീയതി | 01/2016-17തീയതി- 23/02/2017 |

ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും മരുന്നു വാങ്ങുന്നതിനായി 50000 രൂപയുടെ ഹോമിയോ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. നാളിതുവരെയായി മരുന്നു ലഭിച്ചിട്ടില്ല എന്നാണ് ചീഫ് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളത്. നിർദ്ധനരായ രോഗികൾ ചികിത്സയ്ക്കായി സമീപിക്കുന്ന സർക്കാർ ഡിസ്പെൻസറിയിലെ മരുന്നുകളുടെ ദൗർലഭ്യം ആ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ ഹോമിയോ ഡിസ്പെൻസറിയിൽ എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

## 3-11 ശാരീരിക - മാനസിക വെല്ലുവിളികൾക്ക് അർഹമായ പരിഗണന നൽകുന്നില്ല

ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ 'ശാരീരിക- മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ' (പ്രോജക്ട് നം.21/2017) എന്ന പ്രോജക്ട് പ്രകാരം 2016-17ൽ 45 പേർക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിച്ച നിരക്കിലല്ല ഇവർക്ക് ധനസഹായം നൽകിയത്.

ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് എ.പി.എൽ/ബി.പി.എൽ വേർതിരിവില്ലാതെ 100% സഹായം ഉറപ്പുവരുത്തേണ്ടതാണെന്ന് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നു. ഇതു പ്രകാരം, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ചുവടെ ചേർക്കും പ്രകാരമുള്ള ആനുകൂല്യം നൽകാവുന്നതാണ്.

| ഇനം | നൽകാവുന്ന തുക |
|---|---|
| സ്കോളർഷിപ്പ് (പ്രതിമാസം1000രൂപ) | 12000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | 800 |
| പഠന സഹായികൾക്ക് / വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത | 1400 |
| ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം 400) | 4800 |
| ഉല്ലാസയാത്രാ ചെലവുകൾ/ പഠന പര്യടനം | 1000 |
| ആകെ | 20000 |

എന്നാൽ തൻവർഷം നടപ്പാക്കിയ പ്രോജക്ട് പ്രകാരം 3625രൂപ മുതൽ 10000രൂപവരെ മാത്രമാണ് ആനുകൂല്യം നൽകിയത്. പ്രോജക്ടിനായി തൻവർഷം വകയിരുത്തിയ 550000രൂപയിൽ 405000രൂപ മാത്രമാണ് ചെലവഴിച്ചത്. സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ നിരക്കിന് അനുസൃതമായി തുക വകയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ല. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ജില്ലാ, ബ്ളോക്ക്, ഗ്രാമപ്പഞ്ചായത്തുകൾ ഫണ്ട് വകയിരുത്തി സ്കോളർഷിപ്പ് നല്കുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിക്കുവാൻ സ.ഉ(എം.എസ്) നം.4/2016/ത.സ്വ.ഭ.വ. തീയതി.11.01.2016 പ്രകാരം അനുശാസിക്കുന്നുണ്ട്. ഭിന്നശേഷിയുള്ളവർക്കുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണമെന്നും ടി മാർഗ്ഗരേഖ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പരമാവധി സ്കോളർഷിപ്പ് നൽകത്തക്കവണ്ണം അടങ്കൽ വകയിരുത്തി പദ്ധതി തയ്യാറാക്കുന്നില്ല. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് അവർ പഠിക്കുന്ന ക്ലാസ്, താമസം (Day Scholar / hostler) എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി തുകയ്ക്ക് അർഹതയുണ്ട്. മാനസികവെല്ലുവിളി നേരിടുന്നവരെ കൂടുതൽ കാര്യപ്രാപ്തിയിലെത്തിക്കുവാൻ പരമാവധി സഹായം ചെയ്തു കൊടുക്കേണ്ടതാണ്. ജില്ലാ, ബ്ളോക്ക്, ഗ്രാമപ്പഞ്ചായത്തുകൾ സംയുക്തമായി പദ്ധതി ആവിഷ്കരിച്ച് ടി ആളുകൾക്ക് പരമാവധി സഹായം അനുവദിക്കാതിരുന്നത് ശരിയായ നടപടിയല്ല. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വരും വർഷങ്ങളിൽ മതിയായ ധനസഹായം ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 'ഐ.എസ്.ഒ സർട്ടിഫിക്കേഷൻ'- വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയില്ല

ഗ്രാമപ്പഞ്ചായത്തിനെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടാണ് 'ഐ.എസ്.ഒ സർട്ടിഫിക്കേഷൻ' (S0138/17). രൂപ അടങ്കൽ ഉണ്ടായിരുന്ന ഈ പ്രോജക്ട് പ്രകാരം 557150 രൂപയുടെ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയതല്ലാതെ മറ്റ് യാതൊരു പ്രവർത്തനങ്ങളും നടത്തിയില്ല. കെ.എം.ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽനിന്ന് വാങ്ങിയ ചുവടെ പറയുന്ന ഉപകരണങ്ങൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

| ഉപകരണം | വില (വാറ്റ് ഉൾപ്പെടെ) |
|---|---|

| | |
|---|---|
| ഇൻഫർമേഷൻ കിയോസ്ക് | 99499 |
| പാനസോണിക് 32" എൽഇഡി ടി.വി (കമേഴ്സ്യൽ ഡിസ്പ്ലേ മോണിട്ടർ) | 39699 |

വിപണിയിൽ 20000രൂപ മാത്രം വിലയുള്ള എൽഇഡി ടിവി ഇരട്ടിയോളം വിലയ്ക്കാണ് വാങ്ങിയിട്ടുള്ളത്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുക എന്ന ആവശ്യത്തിനായി ഈ പ്രോജക്റ്റ് പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കണമെന്നുകാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപ്പഞ്ചായത്ത് മറുപടി നൽകിയില്ല. വാങ്ങിയ ഉപകരണങ്ങൾ ഫലപ്രദമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പുളിക്കീഴ് | 2016-17 | 150000 | ക്ഷീരകർഷകർക്ക് സബ്സിഡി | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പുളിക്കീഴ് | 2016-17 | 100000 | ശാരീരിക- മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 55000 | 45000 |
| ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട | 2016-17 | 300000 | സാന്ത്വനം | 300000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം., പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 141/17-വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈനുകൾ നീട്ടൽ | 100000 | പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലാത്തതിനാൽ ഓരോ പ്രവൃത്തിക്കും ചെലവായ തുകയുടെ വിവരം ഇല്ല. | ലഭ്യമല്ല |
| | 113/17-താഴ്ചക്കടവ് പട്ടികജാതി കോളനി വാർഡ് 1ൽ പൈപ്പ് ലൈൻ നീട്ടൽ | 250000 | | |

| | | | |
|---|---|---|---|
| | 166/17- ഏഴ്, പതിനൊന്ന് വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 63000 | |
| കെ. എസ്.ഇ.ബി | 45/17- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (വാർഡ് നം.3,5,9,13) | 125000 | |
| | 42/17- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (വാർഡ് നം.7,8) | 97275 | |
| | 140/17 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 875988 | |
| | 136/17 - ഇലക്ട്രിക്ക് പോസ്റ്റിൽ മീറ്റർ സ്ഥാപിക്കൽ | 75085 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ / വിനിയോഗം / വീഴ്ചകൾ എന്നിവയുടെ വിവരം

(i)

| ക്രമ നം. | 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇല്ല | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2013-14 | 3-1 | 4224 | ശ്രീമതി പ്രമീള, അസി.എഞ്ചിനീയർ | 11601100028/25.08.16 |
| 2008-09 | 2-1 | 250 | ശ്രീ.കെ സോമൻ, സെക്രട്ടറി | 11601100906/12.09.16 |
| ആകെ | | 18150 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2009-10 | 2-1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |
| 2009-10 | 3-4(1), 4(2), 4(3), 4(4), 4(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് | പരാമർശം നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45012493 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40304328 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1997971 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3000 | ശ്രീമതി ശ്രീലേഖ എൽ.എച്ച്., സെക്രട്ടറി |
| 3-5 | 398054 | ശ്രീ.മാത്യു കോശി, കൃഷി ഓഫീസർ |
| 3-6 | 51714 | ശ്രീ.മാത്യു കോശി, കൃഷി ഓഫീസർ |
| 3-8(1) | 313000 | ശ്രീ.എൻ.കുമാരസ്വാമി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8(2) | 269948 | ശ്രീ.എൻ.കുമാരസ്വാമി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8(3) | 112650 | ശ്രീ.എൻ.കുമാരസ്വാമി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8(4) | 399605 | ശ്രീ.എൻ.കുമാരസ്വാമി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 350000 | ശ്രീ.എൻ.കുമാരസ്വാമി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 100000 | ശ്രീമതി ജോൺസി ജോർജ്ജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1997971 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം: 3-1

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മാത്യു കോശി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പെരിങ്ങര | ഹൗസ് നം.26സി, റോസ് നഗർ,ശ്രീകാര്യം, |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം |
| ശ്രീ.എൻ.കുമാരസ്വാമി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി<br>മോഗ്രാൻ പുത്തൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ് | അരിപ്പാട്ടുതറ വീട്, മാരാമൺ, കോഴഞ്ചേരി |
| ശ്രീമതി ജോൺസി ജോർജ്ജ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരിങ്ങര ഗ്രാമപഞ്ചായത്ത് | കൊയ്പ്പള്ളിത്തറയിൽ എസ്.ഡി ഭവൻ, ഇരമത്തൂർ പി.ഒ, മാന്നാർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ. പി4 -198/03 തീയതി 16.08.03/12.12.04 | എല്ലാ ഖണ്ഡികകളും |
| 2000-01 | എൽ.എഫ്.പി.റ്റി.എ. പി4 -199/03 തീയതി 08.10.2004 | എല്ലാ ഖണ്ഡികകളും |
| 2001-02 | എൽ.എഫ്.പി.റ്റി.എ. പി4 -687/03 തീയതി 05.04.02/02.08.04 | 1 ഖണ്ഡിക |
| 2002-03 | എൽ.എഫ്.പി.റ്റി.എ. പി4 -686/03 തീയതി 13.11.06/26.03.07 | 6 ഖണ്ഡികകൾ |
| 2003-04(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-917/07 തീയതി 312.03.08/15.05.08 | 4 ഖണ്ഡികകൾ |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി6 -781/08 തീയതി 30.06.09 | 6 ഖണ്ഡികകൾ |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി6 -780/08 തീയതി 22.06.09 | 10 ഖണ്ഡികകൾ |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി6 -472/09/ തീയതി 04.08.09 | 11ഖണ്ഡികകൾ |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി6 -145/11തീയതി 05.08.11 | എല്ലാ ഖണ്ഡികകളും |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി11-425/13തീയതി 11.09.13/03.05/14 | എല്ലാ ഖണ്ഡികകളും |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി11 -426/13തീയതി 11.09.13/03.05/14 | എല്ലാ ഖണ്ഡികകളും |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി4 -1053/14 തീയതി 16.01.15/09.02.15 | എല്ലാ ഖണ്ഡികകളും |
| 2013-14, 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.4-1123/15തീയതി 04.12.15/08.12.15 | 8 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി - 4-1380/2016തീയതി 12.01.2017 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.K.S.A.PTA.P4-824/2017 Dated : 04.08.2017

Certified that I have examined the Annual Financial Statement of Peringara Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Peringara Grama Panchayat for the year 2016-17 except the obeservations in the para.1-3 of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി4 -824/2017 തീയതി: 04.08.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട